പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3487 — 16.12.2015 - ൽ മറുപടിയ്ക്ക്

## വയോജനങ്ങളുടെ ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.തോമസ് ഉണ്ണിയാടൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വയോജനങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം വിശദമാക്കുമോ ; | (എ) | വയോജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് 16 ഗവൺമെന്റ് വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. NGO കൾ നടത്തുന്ന സ്ഥാപനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ ഇവർക്ക് താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകുന്നുണ്ട്. അന്തേവാസികൾക്ക് ഭക്ഷണം വസ്ത്രം എന്നിവയ്ക്ക് 2000/- രൂപ വീതവും, മരുന്നിന് 1000/- രൂപയും നൽകിവരുന്നു. മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013 നടപ്പിലാക്കിയിട്ടുണ്ട്. 2013- ൽ ആരംഭിച്ച വയോമിത്രം പദ്ധതി പ്രകാരം മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ താമസക്കാരായ 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും, വൈദ്യസഹായവും മരുന്നും, ആംബുലൻസ് സേവനവും, പാലിയേറ്റീവ്, ഹോംകെയർ സേവനങ്ങളും നൽകി വരുന്നു. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് ഹെൽപ്പ് ഡെസ്കുകൾ രൂപീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ ആരോഗ്യ പരിപാലനത്തിനായി ഭാരതീയ ചികിത്സാ വകുപ്പുമായി സഹകരിച്ച് വയോഅമൃതം എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺ ആക്ട് 2007 (കേന്ദ്ര നിയമം) അനുസരിച്ച് സംസ്ഥാന ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തന അവലോകനം നടത്താറുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി മൂന്നുമാസത്തിലൊരിക്കൽ ഗവൺമെന്റ് വൃദ്ധസദന സൂപ്രണ്ടുമാരുടെ റിവ്യൂ മീറ്റിംഗ് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നടത്തുന്നുണ്ട് |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഭാഗത്തിലുള്ളവരുടെ പരാതികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് കാലാനുസൃതമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമോ ? | (സി) | നിലവിൽ പരാതികൾ കൈകാര്യം ചെയ്യുന്നതിന് മെയിന്റനൻസ് ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ